**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1190** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>പെണ്ണുക്കര യു.പി. സ്കൂളിലെ പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന് അംഗീകാരം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജി ചെറിയാൻ ശ്രീ. എൻ. ഷംസുദ്ദീൻ

(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** ഗവ. എൽ.പി, യു.പി. സ്കൂളുകളിൽ പ്രീ പ്രൈമറി വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.റ്റി.എ യുടെ നിയന്ത്രണത്തിൽ 2215 പ്രീ പ്രൈമറി സ്കൂളുകൾ പ്രവർത്തിച്ച് വരുന്നുണ്ട്.

**(ബി)** 2015 മുതൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ഗവ. പെണ്ണുക്കര യു.പി. സ്കൂളിൽ നടത്തിവരുന്ന പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന് അംഗീകാരം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സ.ഉ (കൈ) നം. 385/2012/പൊ.വി.വ തീയതി 07/12/2012 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ സംസ്ഥാനത്തെ സ്കൂളുകളിൽ പ്രീ പ്രൈമറി വിഭാഗം ആരംഭിക്കാൻ പാടില്ല എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളിൽ 2012 ന് ശേഷം സർക്കാർ അനുമതിയില്ലാതെയാണ് പ്രീ പ്രൈമറി വിഭാഗം ആരംഭിച്ചത്. പി.റ്റി.എ യുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ച് വരികയും ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**